(സി) 2003-2004 സാമ്പത്തിക വർഷത്തിൽ നികുതി ഇനത്തിൽ വിവിധ വകുപ്പുകളിൽ നിന്നും എത്ര തുക വീതം സമാഹരിക്കുവാൻ കഴിഞ്ഞു എന്നും ഇത് കഴിഞ്ഞ 2 വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എപ്രകാരമാണെന്നും കണക്കുകൾ ഉദ്ധരിച്ച് അറിയിക്കാമോ;

(ഡി) നികുതി പിരിവിന്റെ കാര്യത്തിൽ കേരളത്തിലെ സ്ഥിതി നടപ്പു വർഷത്തിൽ കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(ബി)

മേഖല	ശതമാനം
ആരോഗ്യം	13
കൃഷി	36
വനം	50
ഫിഷറീസ്	30
ജലസേചനം	62
ഗതാഗതം	
റോഡുഗതാഗതം	50
ജലഗതാഗതം	16

പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചിട്ടുള്ളതായി കാണുന്നില്ല.

(സി) 31-11-2003 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. അന്തിമകണക്കുകൾ ലഭിച്ചാൽ മാത്രമേ വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(ഡി) അന്തിമ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

വരുമാനത്തിന്റെ വളർച്ചാ നിരക്ക്

3 [1010] ശ്രീ. കെ. എ. ചന്ദ്രൻ:
,, എൻ. ഡി. അപ്പച്ചൻ:
,, എം. എ. ചന്ദ്രശേഖരൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തെ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വളർച്ചാ നിരക്ക് തൃപ്തികരമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലഘട്ടത്തിലെ ചെലവുകൾ വരുമാനത്തിനനുസൃതമായി പിടിച്ചു നിർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് എന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന് സാമ്പത്തിക സുസ്ഥിരത കൈവരുത്തുന്നതിനായി ധനകാര്യ നടപടികളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തൃപ്തികരമാണ്.

(ബി) കഴിഞ്ഞിട്ടില്ല.

(സി) പദ്ധതി ചെലവിൽ വന്ന വർദ്ധന, മുൻകാലങ്ങളിലെ ബാദ്ധ്യതകൾ തീർക്കാൻ വേണ്ടിവന്ന ചെലവ്, പലിശയിനത്തിലും പെൻഷൻ ഇനത്തിലും വന്ന വർദ്ധന, വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത ഏറ്റെടുത്തതുവഴി വന്ന അധികച്ചെലവ് മുതലായവയാണ് ചെലവുകൂടാനുണ്ടായ കാരണം.

(ഡി) ഉണ്ട്.

(ഇ) റവന്യൂ കമ്മിയും ധനക്കമ്മിയും കുറയ്ക്കുന്നതിന് ധനസംബന്ധമായ ഉത്തരവാദിത്ത നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2003-ലെ കേരള സർക്കാർ ഗ്യാരന്റികളുടെ പരമാവധി പരിധി നിയമപ്രകാരം ഗ്യാരന്റികളുടെ പരമാവധി പരിധി നിശ്ചയിച്ചു. ഉപധനാഭ്യർത്ഥനകളുടെ എണ്ണം വർഷത്തിൽ രണ്ടായി കുറയ്ക്കാൻ തീരുമാനിച്ചു. പുതിയ ബാദ്ധ്യതകൾ തടയുന്നതിനും മുൻ ബാദ്ധ്യതകൾ മുൻഗണനാ ക്രമത്തിൽ കൊടുത്തു തീർക്കുന്നതിനും ഒരു ബാദ്ധ്യതാ മാനേജ്മെന്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ ധനകാര്യ കണക്കുകൾ ഓരോ വർഷവും ഒക്ടോബറിൽ നിയമസഭയിൽ വയ്ക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചു. പ്രോജക്ടുകൾക്കും സ്കീമുകൾക്കും ഘട്ടത്തിനനുസൃതമായി ചെലവ് ആസൂത്രണം ചെയ്യുന്നതിന് ഫണ്ട് മുൻകൂർ നിശ്ചയിച്ചു നൽകുന്നതിനു നടപടികൾ സ്വീകരിച്ചു.

ചെലവു ചുരുക്കൽ പരിപാടിയുടെ പ്രവർത്തന പുരോഗതി

4 [1011] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. കെ. ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly